(ബി) മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും എത്ര അംഗൻവാടികളെ തെരഞ്ഞെടുത്തു ; അവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ആകെ അങ്കണവാടികൾ	136
സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ	76
വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	57
വാടക ഇല്ലാതെ സൗജന്യമായി ലഭ്യമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	3

(ബി) അമ്പലപ്പുഴ ബ്ലോക്കിൽനിന്നും ഒരു അങ്കണവാടിയെയാണ് മാതൃകാ അങ്കണവാടിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത മാതൃക അങ്കണവാടിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്തതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്. പ്രസ്തുത നിയോജക മണ്ഡലത്തിൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി

195 (5548)ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) എങ്കിൽ പ്രതിമാസ പെൻഷൻ തുക എത്രയാണെന്ന് പറയാമോ ;

(സി) പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച ഉത്തരവുകളും പദ്ധതി വിശദാംശങ്ങളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ചേലക്കര മണ്ഡലത്തിലെ അങ്കണവാടികൾ

196 (5549) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ചേലക്കര നിയമസഭാ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും, അതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി, പുറമ്പോക്ക്, പഞ്ചായത്ത് ഭൂമി എന്നിവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

2. അങ്കണവാടിക്ക് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

3. സൗകര്യപ്രദമായ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

4. അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി ഭൂമി വിട്ട് നൽകുന്നവരുടെ ആശ്രിതർക്ക് അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly